ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 4,25,106 രൂപ ചെലവായിട്ടുണ്ട്. ആയതിനാൽ ഒരു ബസ് ബോഡി നിർമ്മിക്കുമ്പോൾ ശരാശരി കോർപ്പറേഷന് 1,03,894 രൂപ ലാഭമുണ്ടാകുന്നുണ്ട്.

ലോ-ഫ്ളോർ ബസ്സുകൾ ലാഭത്തിലാക്കാൻ നടപടി

234 (4025) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിറ്റിയിൽ മാത്രം സർവ്വീസ് നടത്തുന്ന ലോ-ഫ്ളോർ ബസ്സുകൾ തൊട്ടടുത്ത പട്ടണങ്ങളിലേക്ക് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസുകൾ നടത്തി ലാഭത്തിലാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) JnNURM പദ്ധതിയിൽ ബസ്സുകൾ നിരത്തിലിറക്കുന്നത് തിരുവനന്തപുരം, കൊച്ചി നഗരങ്ങളുടെ നവീകരണം ലക്ഷ്യമിട്ടുകൊണ്ടാണ്. അങ്ങനെ കാണുമ്പോൾ പ്രസ്തുത നഗര പരിധിയിൽപ്പെടാത്ത മറ്റു പട്ടണങ്ങളിലേക്ക് കൂടുതൽ ലോ ഫ്ളോർ-ലിമിറ്റഡ് സ്റ്റോപ്പ്, ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി

235 (4024) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ടോ ;

(ബി) റോഡപകടങ്ങളിൽ ഏറ്റവും കൂടുതൽ കാരണമാകുന്ന സ്വകാര്യ ബസുകളുടെയും ടിപ്പർ ലോറികളുടെയും വേഗത നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ബന്ധപ്പെട്ട പോലീസ് മോട്ടോർ വാഹന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ പരമാവധി ശ്രമിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും അപകടമുണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേകളുമായി

LIBRARY ARCHIVES Kerala Legislative Assembly

അടുത്തിടപഴകുന്ന പൗരന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പ്രസ്ഥാനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിലെ, അപകട നിരക്ക് കൂടിയ 41 പ്രധാന ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിൽ മോഡൽ ഹൈവേ സുരക്ഷാ ജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഹൈവേയോടടുത്തുള്ള സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിലും പൊതുജനങ്ങളിലും ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനായി നാടകം, ക്വിസ് മത്സരം, ഫോട്ടോ പ്രദർശനം എന്നിവ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു. കുട്ടികളിൽ ശരിയായ റോഡ് സംസ്കാരം വളർത്തുന്നതിനായി 'പപ്പു ഉറങ്ങുകയല്ല' എന്ന കൈപ്പുസ്തകം തയ്യാറാക്കി സ്കൂൾ ലൈബ്രറികളിൽ വിതരണം ചെയ്തു. റോഡ് സുരക്ഷാ സന്ദേശം ഉൾപ്പെടുന്ന വിവിധ ബോധവൽക്കരണ പരിപാടികൾ ആകാശവാണി, എഫ്. എം. റേഡിയോ എന്നിവ വഴി സംപ്രേഷണം ചെയ്തുവരുന്നുണ്ട്.

(ബി) സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുവാനുള്ള സ്പീഡ് റഡാറുകളും, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകളും വാങ്ങുന്നതിനായി പോലീസ്, മോട്ടോർ വാഹന വകുപ്പുകൾക്ക് റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

റോഡ് സുരക്ഷാ അതോറിറ്റി

236 (4025) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി എന്നാണ് നിലവിൽ വന്നത് ;

(ബി) കഴിഞ്ഞ മൂന്നുവർഷങ്ങളിൽ റോഡ് സുരക്ഷാ അതോറിറ്റി വഴിയുള്ള പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19-4-2010-ൽ.

(ബി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി താഴെപ്പറയുന്ന ക്രമത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ്

1. 120 സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് - 610 ലക്ഷം
2. കൊല്ലം-കോവളം റോഡിന്റെ നവീകരണത്തിന് - 227 ലക്ഷം

837 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly